പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 4 07.08.2017-ൽ മറുപടിയ്ക്ക്

**കൊച്ചി മെട്രോ റെയിൽ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. പി. ടി. തോമസ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി. പി. സജീന്ദ്രൻ | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി പൂർണ്ണമായും യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി (Phase I) ആലുവ മുതൽ പേട്ട വരെയാണ് ആവിഷ്കരിച്ചിട്ടുള്ളത്. അതിൽ ആലുവ മുതൽ പാലാരിവട്ടം വരെ (13.267 KM) മുട്ടം ഡിപ്പോ ഉൾപ്പെടെ 2017 ജൂൺ 17-ാം തീയതി കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. പാലാരിവട്ടം മുതൽ മഹാരാജാസ് കോളേജ് (4.96 KM) വരെയുള്ള ഭാഗത്ത് പ്രവൃത്തികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. ഈ സെക്ഷൻ ഒക്ടോബർ 2017-ൽ കമ്മീഷൻ ചെയ്യാൻ പറ്റുമെന്ന് പ്രതീക്ഷിക്കുന്നു. മഹാരാജാസ് കോളേജ് മുതൽ സൗത്ത് സ്റ്റേഷൻ വരെയും, കുന്നറ പാർക്ക് മുതൽ പേട്ടവരെയും ഉള്ള reach-II-ന്റെ റീ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ സെക്ഷന്റെ പണി നവംബർ മാസത്തിൽ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. തൈക്കൂടം മുതൽ പേട്ട വരെ സ്ഥലം ലഭ്യമാക്കി പ്രാരംഭപണി ആയ റോഡ് വീതി കൂട്ടൽ ആരംഭിക്കേണ്ടതുണ്ട്. |
| (ബി) | എന്തെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ളത്; | (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പനമ്പിള്ളി നഗറിൽ നിന്നും കടവന്ത്ര സ്റ്റേഷനിലേക്കുള്ള നടപ്പാതയുടേയും, സൈക്കിൾ പാതയുടേയും ആദ്യഘട്ടം പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടുണ്ട്. കൂടാതെ, നോർത്ത് ROB പുതുക്കി പണിയുകയും ബാനർജി റോഡ്, എം.ജി റോഡ് മുതലായവ വീതി കൂട്ടി നടപ്പാതകൾ നിർമ്മിക്കുകയും, സലിം രാജൻ ROB, പച്ചാളം ROB, ഇടപ്പള്ളി ഫ്ലൈ ഓവർ എന്നിവ പുതുതായി നിർമ്മിക്കുകയും ഏകദേശം 50 റോഡുകളുടെ പുനരുദ്ധാരണം നടത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇനി എന്തെല്ലാം പ്രവൃത്തികളാണ് ഇതുമായി ബന്ധപ്പെട്ട് നടത്തുവാനുള്ളത് ; | (സി) | കൊച്ചി മെട്രോ രണ്ടാം ഘട്ടത്തിന്റെ ആദ്യഭാഗമായ പാലാരിവട്ടം മുതൽ മഹാരാജാസ് വരെയുള്ള ഭാഗത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. ഈ സെക്ഷനിൽ 2017 ജൂലൈ 14-ാം തീയതി മുതൽ ട്രെയിൻ ട്രയലുകൾ ആരംഭിച്ചു. ട്രാക്ക്, ട്രാക്ഷൻ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. സിഗ്നലിന്റെയും സ്റ്റേഷൻ നിർമ്മാണത്തിന്റെയും പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ പുരോഗമിക്കുന്നു. ഫയർ സേഫ്റ്റി സർട്ടിഫിക്കറ്റ്, ഇ.ഐ.ജി സർട്ടിഫിക്കറ്റ് എന്നിവയ്ക്കുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ഡി) | പദ്ധതിയുടെ അടുത്ത ഘട്ടം എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) | പാലാരിവട്ടം മുതൽ മഹാരാജാസ് കോളേജ് വരെ (4.96 KM) ഒക്ടോബർ 2017-ലും, മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ (7.385 KM) ഡിസംബർ 2019-ലും പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ